# പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: *24** **08.02.2016 ൽ മറുപടിക്ക്**

## കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ.എൻ. ജയരാജ്:<br>ശ്രീ.എം.വി.ശ്രേയാംസ് കുമാർ:<br>,, റോഷി അഗസ്റ്റിൻ : | | കെ. ബാബു<br>മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി | |
| (എ) | കണ്ണൂർ വിമാനത്താവള പദ്ധതി ഏതുഘട്ടംവരെയായെന്ന് വ്യക്തമാക്കുമോ; | (എ) | 1. 2009 ഡിസംബറിൽ കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവള കമ്പനി രൂപീകരിച്ചു. പദ്ധതിക്കുവേണ്ടി ഏറ്റെടുക്കാനുദ്ദേശിച്ച 2200 ഏക്കർ ഭൂമിയിൽ 1278.89 ഏക്കർ ഭൂമി സർക്കാരിനുവേണ്ടി റവന്യൂ ഡിപ്പാർട്ട്മെന്റും സർക്കാരിന്റെ നോഡൽ ഏജൻസിയായ കിൻഫ്രയും ഒന്നും രണ്ടും ഘട്ടങ്ങളിൽ ഏറ്റെടുത്തു. മൂന്നാം ഘട്ട സ്ഥലമെടുപ്പിന്റെ ഭാഗമായി 785 ഏക്കർ ഭൂമി ഏറ്റെടുക്കാനുണ്ടായിരുന്നതിൽ ഇതുവരെയായി 612.12 ഏക്കർ ഭൂമി ഏറ്റെടുത്തുകഴിഞ്ഞു. ബാക്കി വരുന്ന ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.<br>2. കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ റൺവെയുടെയും എയർസൈഡ് പ്രവർത്തികളുടെയും കരാർ (ഇ.പി.സി-1) 694 കോടി രൂപയ്ക്ക് 2013 നവംബർ 25ന് ലാർസൺ & ട്യൂബ്രോ ലിമിറ്റഡിന് നൽകുകയുണ്ടായി. പ്രവൃത്തി ഇപ്പോൾ 75% പൂർത്തിയായിട്ടുണ്ട്.<br>3. കണ്ണൂർ വിമാനത്താവളത്തിന്റെ ടെർമിനൽ ബിൽഡിംഗിന്റെയും 30 മീറ്റർ ഉയരംവരുന്ന എയർട്രാഫിക് കൺട്രോളിന്റെയും ഫ്ളൈ ഓവറിന്റെയും നിർമ്മാണത്തിനുള്ള കരാർ 498.7 കോടി രൂപയ്ക്ക് ലാർസൺ & ട്യൂബ്രോ ലിമിറ്റഡിന്റെ ബി&എഫ് വിഭാഗത്തിന് 22.07.2014 |

| | | | |
|---|---|---|---|
| | | | ന് നൽകുകയുണ്ടായി. പ്രസ്തുത പ്രവൃത്തി 62% പൂർത്തിയായിട്ടുണ്ട്. ലിഫ്റ്റ്, എലിവേറ്റർ, എയ്റോബ്രിഡ്ജ്, കൺവെയർ ബെൽട്ട് എന്നിവയുടെ ടെണ്ടർ തുറന്നു. ഏപ്രൺ, കൺട്രോൾ ടവർ 80% പൂർത്തീകരിച്ചു.<br>4. പദ്ധതി നടത്തിപ്പിനാവശ്യമായ തുക ഓഹരിമൂലധനമായും ബാങ്കുവായ്പയായും സമാഹരിച്ചുകൊണ്ടിരിക്കുകയാണ്. എയർപോർട്ട് പി.എസ്.യുവിന് വേണ്ടി നീക്കിവെച്ച 100 കോടിയിൽ 100 കോടി രൂപയ്ക്കുള്ള ധാരണാപത്രം 24.06.2015 ന് ഒപ്പുവച്ചു. സ്വകാര്യ മേഖലക്കുള്ള 300 കോടിയിൽ 178.30 കോടി രൂപക്കുള്ള ഷയർ വിറ്റഴിച്ചിട്ടുണ്ട്. പദ്ധതിക്കാവശ്യമായ 892 കോടിരൂപ ബാങ്കുവായ്പ ലഭ്യമാക്കുന്നതിനായി കനാറാബാങ്ക്, സൗത്ത് ഇന്ത്യൻ ബാങ്ക്, ഫെഡറൽ ബാങ്ക് എന്നീ ബാങ്കുകൾ ഉൾപ്പെട്ട ബാങ്കുകളുടെ കൺസോർഷ്യവുമായി ധാരണാപത്രം 20.05.2015 ന് ബാങ്കുകളും കിയാലും ഒപ്പുവച്ചു. മെറ്റീരിയോളജിക്കൽ ഡിപ്പാർട്ട്മെന്റും എയർപോർട്ട് അതോറിറ്റിയുമായുള്ള ധാരണാപത്രത്തിലും ഒപ്പുവെച്ചു.<br>5. പവർ സപ്ലൈ - എയർപോർട്ടിനു വേണ്ടി പവർസപ്ലൈക്കും അനുബന്ധപ്രവർത്തികൾക്കും വേണ്ടി 19.6 കോടി രൂപ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന് കിയാൽ ഡെപോസിറ്റ് ചെയ്യുകയുണ്ടായി. ഇതുവരെ 80% പണി പൂർത്തിയായി.<br>6. ജലവിതരണം - എയർപോർട്ടിനുവേണ്ടി ജലവിതരണത്തിനായി കേരള വാട്ടർ അതോറിറ്റിയിൽ 10 കോടി രൂപ കിയാൽ ഡെപ്പോസിറ്റ് ചെയ്യുകയുണ്ടായി. ഇതിനായുള്ള പണി 80% പൂർത്തിയായി.<br>7. ബി.പി.സി.എൽ, കിയാൽ സംയുക്ത സംരഭത്തിൽ ഫ്യൂവൽ ഫാം ആരംഭിക്കുന്നതിന് |

| | | | |
|---|---|---|---|
| | | | സംയുക്ത കമ്പനി രൂപീകരിച്ചു പ്രവൃത്തി നടത്തി. മൊത്തത്തിൽ എയർപോർട്ട് പദ്ധതിയുടെ 62% പൂർത്തിയായി. |
| (ബി) | പ്രസ്തുത വിമാനത്താവളത്തിൽ ഏർപ്പെടുത്തിയ സാങ്കേതിക സംവിധാനങ്ങളുടെ പരിശോധന എന്നു നടത്താനാണ് നിശ്ചയിച്ചിട്ടുള്ളത് എന്ന് അറിയിക്കാമോ ; | (ബി) | കോഡ് ബി എയർക്രാഫ്റ്റിനുള്ള പരീക്ഷണപ്പറക്കലിനുള്ള സാങ്കേതിക പരിശോധന 30.01.2016ന് ഡി.ജി.സി.എ ഉദ്യോഗസ്ഥൻ നടത്തി. |
| (സി) | നിലവിലുള്ള നിർമ്മാണ പുരോഗതിയുടെ അടിസ്ഥാനത്തിൽ പരീക്ഷണ പറക്കൽ എന്നു നടത്താൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ; | (സി) | 2016 ഫെബ്രുവരിയിൽ പരീക്ഷണപ്പറക്കൽ നടത്താനാണുദ്ദേശിക്കുന്നത് (ഡി.ജി.സി.എയുടെ ക്ലിയറൻസും, മിനിസ്റ്ററി ഓഫ് ഡിഫൻസിൽ നിന്നും എയർക്രാഫ്റ്റിന്റെ ലഭ്യതക്കനുസരിച്ചും) |
| (ഡി) | കണ്ണൂർ വിമാനത്താവളത്തിൽ രാജ്യാന്തര വിമാന സർവ്വീസ് എന്നു മുതൽ ആരംഭിയ്ക്കാൻ കഴിയുമെന്നാണ് കരുതുന്നത്; വ്യക്തമാക്കുമോ? | | കണ്ണൂർ വിമാനത്താവളത്തിൽ നിന്നും 2016 സെപ്തംബറിൽ വണിജ്യാടിസ്ഥാനത്തിലുള്ള സർവ്വീസ് ആരംഭിക്കാനാവുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ